II ഇ.ബി.XIV-കേരള നിയമസഭ/IV-13

# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2017 മാർച്ച് 16, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

37(*361) വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്താറുണ്ടെന്നും കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത ഇല്ലാത്തതുമായ ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയേറിയതും കാലാനുസൃതവുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ചാക്കയിലും കോഴിക്കോട്ടുമുള്ള ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരമുള്ളവയാക്കി മാറ്റുന്നതിന് 7,99,83,914/-രൂപയുടെ ഭരണാനുമതി നൽകുക, 10 ഐ.ടി.ഐ-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

നേടിയെടുക്കുന്നതിന് നടപടി കൈക്കൊള്ളുക, ഐ.ടി.ഐ.-കളെ KASE, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് എന്നിവയുമായി ബന്ധപ്പെടുത്തി പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന് (PLEP) രൂപം നൽകുക, പുതിയ 9 ഐ.ടി.ഐ.-കൾ സ്ഥാപിക്കുക, പോഷകാഹാര പദ്ധതിയും ഉച്ചഭക്ഷണ പദ്ധതിയും മെച്ചപ്പെടുത്തുക, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുക തുടങ്ങിയ പദ്ധതികൾ പ്രസ്തുത ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടി ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 228,92,31,600/- രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ M/S KASE (Kerala Academy for Skill Excellence)-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്രയിൽ ആരംഭിച്ച ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ/സിവിൽ, മെക്കാനിക്കൽ, അഗ്രിക്കൾച്ചർ മെഷീനറി എന്നീ ട്രേഡുകൾ അനുവദിച്ച് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും മറ്റ് ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ്

ലഭ്യമാക്കിയിട്ടുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസായ മേഖലയുമായി നേരിട്ട് ബന്ധപ്പെടാനും അവരുടെ മികവ് വർദ്ധിപ്പിക്കാനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഐ.ടി.ഐ. വിദ്യാർത്ഥികളുടെ മികവ് കാർഷിക മേഖലയുടെ ആധുനികവത്കരണത്തിനും ഉൽപ്പാദനവർദ്ധനവിനും പ്രയോജനപ്പെടുത്തുമെന്നും ആധുനിക യന്ത്രങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ പരിശീലനം ഇൻസ്ട്രക്ടർമാർക്ക് 'കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് ' മുഖേന നൽകുമെന്നും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഇതിന്റെ സേവനം പ്രയോജനപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു. ഐ.റ്റി.ഐ. പ്രവേശനത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്നും ഐ.റ്റി.ഐ.-കളിലെ അടിസ്ഥാനസൗകര്യ വികസനവും ജീവനക്കാരുടെ അപര്യാപ്തതയും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും വിദ്യാർത്ഥികളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മികച്ച പ്രൊഫഷണലുകളായി ഉയർത്തുന്നതിന് പ്രാമുഖ്യം നൽകുമെന്നും ഐ.റ്റി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

38(*362) വനാതിർത്തി സംരക്ഷിക്കുന്നതിന് നടപടി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കേരളത്തിലെ വനാതിർത്തികളിൽ സ്ഥിരം ജണ്ട നിർമ്മിച്ചാണ് സ്വകാര്യ ഭൂമിയിൽനിന്നും വേർതിരിക്കുന്നതെന്നും ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും വനാതിർത്തി വേർതിരിക്കുന്നതിനായി 2016-17 വർഷാരംഭത്തിൽ 53,000-ത്തോളം ജണ്ടകൾ സ്ഥാപിക്കേണ്ടതുണ്ടെന്നും സഭയെ അറിയിച്ചു. വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന ജണ്ട നിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം എന്നിവ നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 120 വനം വകുപ്പുദ്യോഗസ്ഥർക്ക് മൂന്നുമാസത്തെ സർവ്വേ പരിശീലനം നൽകി ഇവരുടെ സേവനം ഉപയോഗിക്കുന്നതായും ടി പ്രവൃത്തിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ, ഹെഡ് ക്വാർട്ടേഴ്സ്, സർക്കാർ തലങ്ങളിൽ പ്രതിമാസ അവലോകനം നടത്തിവരുന്നുണ്ട്. ജണ്ടകൾ സ്ഥാപിച്ച് അതിരുകൾ വേർതിരിച്ച് വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നുണ്ട്. വന്യജീവി ശല്യം തടയുന്നതിനായി വനാതിർത്തികളിൽ മതിൽ, ജൈവ/സൗരോർജ്ജ വേലികൾ, കിടങ്ങുകൾ മുതലായവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട തർക്കങ്ങൾ ജനജാഗ്രതാ സമിതികൾ ഇടപെട്ട് പരിഹരിക്കുന്നതാണെന്നും നാളിതുവരെ 13583 കിലോമീറ്റർ വനാതിർത്തിയിൽ ജണ്ട നിർമ്മിച്ചിട്ടുണ്ടെന്നും 1500 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലിയും 584.62 കിലോമീറ്റർ നീളത്തിൽ ആനപ്രതിരോധ കിടങ്ങും 34 കിലോമീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിലും നിർമ്മിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്നിടത്ത് അടിയന്തരമായി സൗരോർജ്ജ വേലി കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ആന പ്രതിരോധ കിടങ്ങ്/ മതിൽ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വന്യമൃഗങ്ങൾ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് കർഷകർക്ക് മുന്നറിയിപ്പ്

നൽകാനായി വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയ എസ്.എം.എസ്. അലെർട്ട് സിസ്റ്റം മറ്റ് പ്രദേശങ്ങളിലും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും കുമളി കേന്ദ്രീകരിച്ച് റാപ്പിഡ് റെസ്പോൺസ് ടീമിന് രൂപം നൽകിയിട്ടുണ്ടെന്നും വന്യമൃഗങ്ങൾമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക റെയിഞ്ച് ഓഫീസുകൾ മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും നഷ്ടപരിഹാരം നാല് തവണവരെ നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടെന്നും ഉപാധികളോടെ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനാൽ വ്യവസ്ഥകളിൽ ചില അയവുകൾ വരുത്തി ഉത്തരവിറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും വന്യമൃഗങ്ങൾക്കനുയോജ്യമായ ആവാസ കേന്ദ്രമായി വനത്തെ മാറ്റുന്ന കാര്യം സജീവ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

39 (*363) <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുന:സംഘടിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനുമുള്ള നടപടികൾ

സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സേവനങ്ങൾ ഇന്റർനെറ്റുവഴി ലഭ്യമാക്കുമെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരുന്നതായും ടി പദ്ധതി ഡയറക്ടറേറ്റിലും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിലും ആരംഭിച്ചിട്ടുണ്ടെന്നും ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും താലൂക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും 2017-18-ൽ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) മുഖേന നടപ്പാക്കിവരുന്ന 'എംപ്ലോയബിലിറ്റി സെന്റർ'കളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തുന്നുണ്ട്. സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകി വരുന്നതായും

ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഒരുക്കുന്നുണ്ടെന്നും ഇത്തരം സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. വിദ്യാഭ്യാസ/തൊഴിൽ മേഖലകളിലെ കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉപരിപഠനം തെരഞ്ഞെടുക്കുന്നതിനും കഴിവിനും യോഗ്യതയ്ക്കുമനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനുമായി ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഉപകാരപ്രദമാകുന്ന വിധത്തിൽ താലൂക്ക് തലത്തിൽ ആരംഭിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ എല്ലായിടങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പൊതുമേഖലകളിലെയും ഇരുപത്തിയഞ്ചോ അതിൽ കൂടുതലോ ആളുകൾ ജോലി ചെയ്യുന്ന സ്വകാര്യ മേഖലകളിലെയും സ്ഥാപനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഒഴിവുകൾ വിജ്ഞാപനം ചെയ്യേണ്ടതുണ്ടെന്നും സർക്കാർ/

അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സി.എൻ.വി. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്നും ഇതുമായി ബന്ധപ്പെട്ട ശിക്ഷാ നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. ആക്ട് ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗദായകന് ഒരു മാസത്തിനകം കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും മറുപടി തൃപ്തികരമല്ലെങ്കിൽ ആറുമാസത്തിനകം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതാണെന്നും ലംഘനം നടത്തിയ ഉദ്യോഗസ്ഥനിൽനിന്നും 500 മുതൽ 1000 രൂപവരെ പിഴ ഈടാക്കാവുന്നതാണെന്നും പ്രസ്തുത പിഴ വർദ്ധിപ്പിക്കുന്ന കാര്യം നിയമഭേദഗതിയിലൂടെ പരിഗണിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 2015-16-ൽ 119 സ്ഥാപനങ്ങളിൽ സി.എൻ.വി. ആക്ടിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അന്വേഷണം നടത്തി ഒഴിവുകൾ

ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിജ്ഞാപനം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗദായകർ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും നിലവിലുള്ള തൊഴിലവസരങ്ങൾ സാമൂഹ്യനീതിയെ അടിസ്ഥാനമാക്കി വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമെന്നും റൂളുകളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുമെന്നും മെട്രോ റെയിൽവേയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് മുൻഗണന നൽകണമെന്ന കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും നിലവിലുള്ള കെട്ടിടങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ആകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4011 മുതൽ 4205 വരെയുള്ള ചോദ്യങ്ങളിൽ 141 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)